# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4218** **16.12.2014** ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ ധാതുമണൽ ഖനനം പൊതുമേഖലയിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എം.എ.ബേബി<br>" പി.കെ.ഗുരുദാസൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. സി.കെ സദാശിവൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ അമൂല്യമായ ധാതുമണൽ സംസ്ഥാന താല്പര്യത്തിനനുസരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന സർക്കാർ മൂന്ന് സമിതികളെ നിയോഗിച്ച് പഠനം നടത്തിയിട്ടുണ്ട്. ഓരോ കമ്മിറ്റിയും സമർപ്പിച്ച ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.<br><br><u>സർവ്വശ്രീ. ടി.എം.മഹാദേവൻ, കെ.കൃഷ്ണൻ ഉണ്ണി, ആർ.ആർ.നായർ എന്നിവരുൾപ്പെട്ട വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസ്ക്ത ഭാഗങ്ങൾ</u><br><br>1. കടൽ തീരങ്ങളിൽ കാലവർഷത്തെത്തുടർന്ന് ശേഖരിക്കപ്പെടുന്ന ധാതുമണൽ ഉപരിതലത്തിൽ നിന്നും അര മീറ്റർ താഴ്ചയിൽ യന്ത്രസാമഗ്രികളുടെ ഉപയോഗം കൂടാതെ ശേഖരിക്കാവുന്നതാണ്.<br>2. കായംകുളം-ആറാട്ടുപുഴയ്ക്ക് മദ്ധ്യേയുള്ള 400 മീറ്ററോ അതിൽ കൂടുതലോ ഉള്ള ബാരിയർ ബീച്ചിൽ നിന്നു മാത്രമേ ധാതുമണൽ ശേഖരണം നടത്താവൂ. ഇത്തരം പ്രദേശങ്ങളിൽ ഡ്രഡ്ജിംഗ്-കോൺസൺട്രേറ്റിംഗ് മെഷനറി ഉപയോഗിക്കണം.<br>3. കായംകുളം പൊഴി, കായൽ, കനാൽ എന്നിവിടങ്ങളിൽ ചെറിയ തോതിൽ ജാഗ്രത പാലിച്ച് മാത്രമേ ഖനനം നടത്താവൂ. ഇത്തരം ഖനനം പരിസ്ഥിതിയെ ബാധിക്കുന്നില്ല. |

| | | | |
|---|---|---|---|
| | | | <u>പ്രൊഫ.കെ.വി.ത്രിവിക്രമജി, ഡോ: സി.ജി.നമ്പ്യാർ, ശ്രീ.എൻ.കൃഷ്ണകുമാർ എന്നിവരുടെ റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ</u><br><br>1. ഖനനം പരിസരവാസികളുടെ ദൈനംദിന ജീവിത രീതികളെ ചെറിയ തോതിൽ ബാധിക്കുമെങ്കിലും വ്യക്തമായ ആസൂത്രണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്.<br><br>2. വ്യക്തമായ, മുൻകൂട്ടി നിശ്ചയിച്ച പദ്ധതിയിലൂടെ മാത്രമേ ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള ഖനന പ്രക്രിയകൾ നടത്താവൂ.<br><br><u>ജസ്റ്റിസ്.കെ.ജോൺ മാത്യു, ഡോ:കെ.കെ.ദിവേദി, ശ്രീ.ബി.സി.പോഡാർ എന്നിവരുടെ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസ്കതഭാഗങ്ങൾ</u><br><br>1. ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരപ്രദേശത്തുനിന്നും സ്ക്രാപിംഗ് രീതി അനുവർത്തിച്ചു കൊണ്ട് 30 സെ.മീറ്റർ ആഴത്തിൽ ധാതുമണൽ നീക്കം ചെയ്യാവുന്നതാണ്. കൂടാതെ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള മുൻകരുതലുകൾ സ്വീകരിച്ചു കൊണ്ട് ഉൾപ്രദേശങ്ങളിൽ ചെറു സെക്ടറുകളായി തിരിച്ച് ഡ്രഡ്ജിംഗ് നടത്താവുന്നതാണ്.<br><br>2. കായലിൽ നിന്നും മണൽ നീക്കം ചെയ്യുന്ന പക്ഷം യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ കുട്ടകൾ ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതാണ്. |
| (ബി) | കരിമണൽ ഖനനം നടത്തുന്നതിനെക്കുറിച്ച് ചർച്ച നടത്തുന്നതിന് സർവ്വകക്ഷി ആലോചനാ യോഗം വിളിച്ചു ചേർക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | കരിമണൽ ഖനനത്തിന്റെ പാരിസ്ഥിതിക പ്രശ്നം പഠിക്കുന്നതിന് രൂപീകൃതമായ ജസ്റ്റിസ്.കെ.ജോൺ മാത്യു അദ്ധ്യക്ഷനായുള്ള കമ്മിറ്റിയ്ക്ക് വിവരങ്ങൾ സമർപ്പിക്കുന്നതിന് വിവിധ കക്ഷികളെ 25.4.2005 ന് തിരുവനന്തപുരത്ത് ക്ഷണിച്ചിരുന്നു. |
| (സി) | പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്ത തരത്തിൽ സംസ്ഥാനത്ത് സമ്പുഷ്ടമായ ധാതുമണൽ പൊതുമേഖലയിൽ ഖനനം നടത്തി ഉപയോഗപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടി | (സി) | കരിമണൽ ഖനനം നടത്തുന്നത് 1957 ലെ മൈൻസ് & മിനറൽസ് (ഡെവലപ്പ്മെന്റ് & റഗുലേഷൻ) ആക്ട് പ്രകാരം അനുവദിക്കുന്ന മൈനിങ് ലീസിന്റെ അടിസ്ഥാനത്തിലാണ്. അഞ്ചു ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് ആണ് അനുമതി നൽകുന്നതെങ്കിൽ 1986 ലെ |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നില്ലായെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ; | | എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം എൻവയോൺമെന്റൽ ക്ലിയറൻസ് ആവശ്യമാണ്. കോസ്റ്റൽ റെഗുലേഷൻ സോണിൽപ്പെട്ടതാണെങ്കിൽ കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസും ആവശ്യമാണ്. കൂടാതെ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസ്, അറ്റോമിക് എനർജി എന്നീ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ അംഗീകരിച്ച മൈൻ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ഖനനം നടത്തേണ്ടത്. പാരിസ്ഥിതിക പ്രശ്നങ്ങൾ പരമാവധി ലഘൂകരിച്ച് പൊതുമേഖലയിൽതന്നെ ധാതുമണൽ ഖനനം നിലനിർത്തണമെന്നതാണ് സർക്കാർ നയം. |
| (ഡി) | കരിമണൽ ഖനനാനുമതി സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നല്കിയിട്ടുണ്ടോ; ഹൈക്കോടതി വിധി പ്രസ്താവിച്ചതെന്നാണ്; വിശദമാക്കാമോ ? | (ഡി) | M/s. കേരള റെയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിറ്റഡ് എന്ന പൊതു-സ്വകാര്യ മേഖല സംയുക്ത സംരംഭം, കരിമണൽ ഖനനത്തിന് സർക്കാരിൽ സമർപ്പിച്ച 29 അപേക്ഷകളിൽ അനുകൂല തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ട് WP(C)No. 34345/10, 34346/10, 5420/11 എന്നീ കേസുകൾ ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചു. ബഹു. ഹൈക്കോടതി ഈ കേസുകൾ ഒന്നിച്ച് പരിഗണിച്ച്, പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി സർക്കാർ പരിഗണിച്ച് കമ്പനിയ്ക്ക് അനുകൂലമായി തീർപ്പാക്കണമെന്ന് 21-02-2013 ൽ വിധിന്യായം പുറപ്പെടുവിച്ചു. ഇതിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത, WA No. 1610/14, 1611/14, 1621/14 എന്നീ അപ്പീലുകൾ തള്ളിക്കളഞ്ഞു കൊണ്ട്, ഡിവിഷൻ ബെഞ്ച്, 13/11/2014 ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ